# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണ്ടിമന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.7)1887/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.7)1887/22 തീയ്യതി: 27/12/2022

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയാ ബീവി.ജെ (ഓഡിറ്റ് ഓഫീസർ)

ഗോപകുമാർ എം എസ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

പുഷ്പ ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ടിനു കെ ജെ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ജെസ്സി സാജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ബിജു ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ മനോജ് കെ | സെക്രട്ടറി | 07-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജയകുമാർ കെ യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീമതി ആനി പി എക്സ് | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശ്രീമതി ഷൈലജ | അസിസ്റ്റന്റ് എഞ്ചിനിയർ എൽ എസ് ജി ഡി | 01-04-2021 | 31-03-2022 |
| ശ്രീമതി ഹനീസ കെ എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 12-07-2021 |
| ശ്രീമതി ഷൈന സദാശിവൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 13-07-2021 | 31-03-2022 |
| ശ്രീമതി രശ്മി എൻ എൻ | വി ഈ ഓ (പിണ്ടിമന, മാലിപ്പാറ) | 01-04-2021 | 31-03-2022 |
| ഡോ. ദിവ്യ രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.വിജിത എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 25-06-2021 |
| ഡോ.സുധാരത്നം കെ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 26-06-2021 | 03-09-2021 |
| ഡോ.അൻസൽ അഷ്റഫ് പി എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-09-2021 | 18-11-2021 |
| ഡോ.നിർമ്മല പ്രതാപ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 19-11-2021 | 31-03-2022 |
| ഡോ.കെ പി ആനന്ദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.മുഹമ്മദ് റഷീദ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അനീഫ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി എലിസബത്ത് സി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | ദുരിതാശ്വാസ നിധി | 1-12 |
| 13 | വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-13 |
| 14 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 15 | പൌൾട്രി ഫാം അനധികൃതമായി പ്രവർത്തിക്കുന്നു | 1-15 |
| 16 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | 1-16 |
| 17 | ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റിയ നടപടി സർക്കാർ ഉത്തരവിനു വിരുദ്ധം | 1-17 |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-18 |
| 19 | ഡെപ്പോസിറ്റ് വർക്ക്-പണി പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 20 | ചാത്തൻ ചിറ നവീകരണം - പദ്ധതി പൂർത്തീകരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്. | 1-20 |
| 21 | ഏരാനിമറ്റം ചിറ – പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-21 |
| 22 | ഉള്ളോർപ്പോട്ട ചിറ സംരക്ഷണം-ആസ്തിയുടെ സംരക്ഷണം ഉറപ്പാക്കണം | 1-22 |
| 23 | അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതും, അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. | 1-23 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |

| | | |
|---|---|---|
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവർത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഗ്രാമ പഞ്ചായത്തിന്റെ പുതുക്കിയ ബഡ്ജറ്റ് പഞ്ചായത്ത് കമ്മറ്റിയുടെ 03.03.2022 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 15,56,11,454/- രൂപയും, ചെലവ് 15,48,53,171/- രൂപയുമാണ്.

പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | പുതുക്കിയ ബജറ്റ് പ്രകാരം | -റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 15,56,11,454 | 5,29,99,802 | 10,26,11,652 |
| ചെലവ് | 15,48,53,171 | 5,53,99,092 | 9,94,54,079 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 10.26 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 9.94 കോടി രൂപയുടെയും വ്യത്യാസമുണ്ട്. MGNREGS, സാമൂഹ്യസുരക്ഷാപെൻഷൻ തുകകൾ എന്നിവ PFMS വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് എത്തുന്നതുമൂലം വാർഷികധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിൽ ആയത് ഉൾപ്പെടുന്നില്ല എന്നത് കണക്കിലെടുക്കുമ്പോഴും ബജറ്റിലെ പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ് -ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായവ്യത്യാസം കാണുന്നുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2022 | 20/08/2022 | - | - |

കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം നിയമാനുസൃത കാലപരിധിക്കുള്ളിൽ തന്നെ വാർഷിക ധനകാര്യപത്രിക സമർപ്പിക്കേണ്ടതാണ്.

പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളുടെ വിവരങ്ങളും ഈയിനത്തിൽ തിരികെ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 5000/-രൂപ തിരികെ ഈടാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യൂ.ഡി. എന്നീ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് തുകകൾ വർഷങ്ങൾക്ക് ശേഷവും ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. കൂടാതെ സി.ഡി.എസിന് നൽകിയ 5,27,748/- രൂപ, കുടുംബശ്രീ അയൽക്കൂട്ട ഗ്രൂപ്പിന് നൽകിയ 1,82,700/- രൂപ എന്നിവയും ക്രമീകരിച്ചിട്ടില്ല. കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനും, കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിനും യഥാക്രമം 44900/-രൂപയും 150000/-രൂപയും മുൻകൂറായി നൽകിയിട്ടുണ്ട്. ഇതും അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിക്കായി ലഭിച്ച 858000/-രൂപയും, ഇലക്ഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 65890/-രൂപയും പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കുകയോ, അല്ലാത്തപക്ഷം തിരികെ ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുകയോ ചെയ്യേണ്ടതാണ്. ഇവയുടെ വിശദവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

1)ILGMS - വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 06/09/2021മുതലാണ്. 01/04/2021മുതൽ 05/09/2021 വരെയുള്ള കണക്കുകൾ സാംഖ്യയിൽ

തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 06/09/2021 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2021 മുതൽ 31.03.2022 വരെയുള്ള വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപത്രികയിൽ 31.03.2021 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2021 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ്മെന്റ് -പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും “ Amount Payble To Other Creditors” എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2021 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

2. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 101 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 101 | Post Office Bank Account For Own Fund Revenue Fund |
| 450 210 101 | Treasury Accounts For Traditional Functions Fund |
| 450 210 101 | Treasury Accounts Of Development Funds |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ സാമ്പത്തിക ഇടപാടുകളുടെ വിവരം ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

3.സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ (Birth & Death And Marriage Registration), സാംഖ്യ (ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ (വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

4. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ് , കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് എന്നിവയോടൊപ്പം ലഭ്യമായിരുന്ന ബാലൻസ് ഷീറ്റിന്റെ ഭാഗമായ B1 ഷെഡ്യൂൾ ILGMS അക്കൗണ്ട്സിന്റെ ഭാഗമായി ലഭ്യമാകുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാനോ, കൃത്യത ഉറപ്പുവരുത്താനോ സാധിക്കുന്നില്ല.

5. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സേർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ കഴിയുകയില്ല.

6. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMSൽ ഉൾപ്പെടുത്തിയിട്ടില്ല.

7. തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

8. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ

തുകകളുടെ കൃത്യത ഉറപ്പാക്കാനാവൂ.

മറ്റ് പൊതു അപാകതകൾ താഴെച്ചേർക്കുന്നു.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്). ILGMS സോഫ്റ്റ്‌വെയറിൽ ഈ വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചത്.

2) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പടുത്തുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

4) വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പവരുത്തുന്നില്ല.

5) ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല.

6) ബി-4 ഷെഡ്യൂളിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ 1,43,696/- രൂപ നിലനിൽക്കുന്നുണ്ട്. ഈ തുക വർഷങ്ങളായി നിലനിൽക്കുന്നതായി കാണുന്നു. ആയതിനാൽ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ പ്രകാരമുള്ള ഡിസിബി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എങ്കിലും അതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,05,948 |
| വരവ് | 5,29,99,802 |
| ആകെ | 6,98,05,750 |
| ചെലവ് | 5,53,99,092 |
| നീക്കിയിരിപ്പ് | 1,44,06,658 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 23,90,588 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6960532 | 6960532 | 6954982 | 0 | 5550 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4303163 | 4303163 | 4303163 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7717411 | 7717411 | 7445157 | 0 | 272254 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3247319 | 3247319 | 2583900 | 0 | 663419 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied-Basic) | 0 | 2038324 | 2038324 | 1352709 | 685615 | |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 5437112 | 5437112 | 3499605 | 1937507 | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതഫണ്ട് സമ്പൂർണ്ണ ശുചിത്വം 320 100 181 | 80000 | 0 | 80000 | 0 | 80000 | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 0 | 489482+ 10327 | 499809 | 242548 | 257261 | |
| EFMS | 0 | 15967098 | 15967098 | 15967098 | 0 | |
| ICDS- 320 100 196 | 676345 | 613051 | 1289396 | 373618 | 915778 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് - | | | | | | |
| 320 100 198 ശുചിത്വ മിഷൻ ഫണ്ട് | 132290 | 130000 | 262290 | 130000 | 132290 | |
| 320 100 197 സാക്ഷരത | 2928 | 88 | 3016 | 0 | 3016 | |
| 320 100 192 Flood Relief Grant | 25000 | 0 | 25000 | 0 | 25000 | |
| 320 100 191 Nirmal Puraskaram | 401134 | 0 | 401134 | 0 | 401134 | |
| 320 200 304 Solid Waste Management | 964000 | 0 | 964000 | 0 | 964000 | |
| 320 200 399 Other Purposes-State Share LIFE | 3121205 | 2673333 | 5794538 | 4936538 | 858000 | |
| 320 300 102 Jalanidhi | 10000 | 0 | 10000 | 0 | 10000 | |
| 320 300 103 Total Sanitation- Performance Based Incentive Grant(PBIG) | 1153490 | 130000 | 1283490 | 793699 | 489791 | |
| 320 300 199 Other Government Agencies- Election Grant | 65890 | 41073 | 106963 | 41073 | 65890 | |
| 320 100 999 Other Liabilites-EPoc | 948 | 18087 | 19035 | 0 | 19035 | |

1. എം.ജി.എൻ.ആർ.ജി.എസ്. – അഡ്മ്നിസ്ട്രേറ്റീവ് ചെലവും, പി.എഫ്.എം.എസ് ചെലവും ഉൾപ്പെടെ ആകെ ചെലവ് വരുന്നത് 1,62,09,646/- രൂപയാണ്. എന്നാൽ ഇതിൽനിന്ന് 12,55,046/- രൂപ ക്യാപിറ്റൽചെലവ് ആയി ബാലൻസ് ഷീറ്റിലെ B-3ഷെഡ്യൂളിലേക്ക് മാറ്റിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-6 ഷെഡ്യൂളിൽ ഈ തുക കിഴിച്ചിട്ടുള്ള 1,49,54,600/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി 2019- 2020 സാമ്പത്തിക വർഷം മുതൽ ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാൽ ഈ തുക പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ (ട്രഷറി എസ്.ബി) അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നില്ല. നേരിട്ട് ചെലവഴിക്കുന്ന തുകകൾ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. <u>2021-22 സാമ്പത്തികവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ</u>

1. വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ. പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വന്നിട്ടുള്ളത്.

പിണ്ടിമന ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 29,01,164/-രൂപയും ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ3,98,837/-രൂപയും പൊതുവിഭാഗത്തിൽ അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക

ഓണറേറിയം 7,00,800/- രൂപയും ഉൾപ്പെടെ 40,00,801/-രൂപയാണ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയത്. ഈ തുകയാണ് യഥാക്രമം RP-7 ലെ വികസനഫണ്ട് (പൊതുവിഭാഗം ), വികസനഫണ്ട് (പ്രത്യേക ഘടകപദ്ധതി വിഭാഗം )-എന്നീ ഇനങ്ങളിലെ ചെലവും, I-6 ഷെഡ്യൂളിലെ ചെലവും തമ്മിൽ വ്യത്യാസമായി കാണുന്നത്.

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ജോയിന്റ് വെൻച്വർ ഫണ്ടിൽ നിന്ന് ചെലവഴിച്ച 5,00,000/- രൂപ; ആസ്തി നിർമ്മിതിക്കുവേണ്ടി MGNREGS ഫണ്ടിൽ നിന്ന് 12,55,046/- രൂപ ( റോഡ് നിർമ്മാണം); മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 27,92,189/-രൂപ; മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 13,27,512/-; സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Performance Grant) 30,40,499/- രൂപ; സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UnTied-Basic Tax Grant) 15,60,709/- രൂപ എന്നീ ഇനങ്ങളിൽ നിന്ന് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. ആകെ 1,04,75,955/- രൂപയാണ് തൻവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത്- എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 134 | 10,74,17,209 | 113 | 4,06,88,112 | 111 | 2 | 21 | 82.84% |

അംഗീകരിച്ച പദ്ധതികളുടെ 82.84% നടപ്പിലാക്കി.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 489482+ 10327 | 499809 | 242548 | 257261 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | 0 | 15967098 | 15967098 | 15967098 | 0 |
| | 0 | 16466907 | 16466907 | 16209646 | 257261 |

എം.ജി.എൻ.ആർ.ജി.എസ്. – അഡ്മിനിസ്ട്രേറ്റീവ് ചെലവും, പി.എഫ്.എം.എസ് ചെലവും ഉൾപ്പെടെ ആകെ ചെലവ് വരുന്നത് 1,62,09,646/- രൂപയാണ്. എന്നാൽ ഇതിൽനിന്ന് 12,55,046/- രൂപ ക്യാപിറ്റൽചെലവ് ആയി ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിലേക്ക് മാറ്റിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-6 ഷെഡ്യൂളിൽ ഈ തുക കിഴിച്ചിട്ടുള്ള 1,49,54,600/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ട വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | |
| 2422 | 374 | 0 | 2796 | 958 | 958 | 38328 | 9298 | 0 | 47626 | 215 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 185 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 65 |
| ഭാഗികമായി മാത്രം തുക നല്കിയ പ്രവൃത്തികൾ | 102 |

| | നടപ്പാക്കിയ പ്രവൃത്തികൾ | ചെലവ് തുക |
|---|---|---|
| 1 | ജലസംരക്ഷണപ്രവൃത്തികൾ | 1,20,05,938 |
| 2 | ഗ്രാമീണറോഡ് പുനരുദ്ധാരണം | 18,92,270 |
| 3 | വ്യക്തിഗത ആനുകൂല്യങ്ങൾ | 20,68,890 |
| ആകെ | | 1,59,67,098 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1343800 | 79 |
| വിധവാപെൻഷൻ | 8404400 | 538 |
| വാർദ്ധക്യകാല പെൻഷൻ | 23168600 | 1589 |
| വികലാംഗപെൻഷൻ | 2576100 | 171 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 296000 | 19 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2022 ൽ 2.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4875/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2021 | 01/02/21മുതൽ 31/09/21 വരെ | 27.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2008 | 1997-98 മുതൽ 2007-08 വരെ | 17.06.2008 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടിയിട്ടുണ്ട്.

## 1-12 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ 17-12-2004ൽ യൂണിയൻ ബാങ്ക്, മുത്തൻകുഴി ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 31.3.2022 ൽ 6219.50/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

## 1-13 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു

പി എസ് മക്കാർ, പാക്കാട്ടുമോളേൽ എന്ന വ്യക്തിയുടെ 10/237/A നമ്പർ കെട്ടിടം സഞ്ചയ അസസ്സ്മെന്റ് ഡീറ്റെയ്ൽസ് പ്രകാരം 18-10-2014 ൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയ Form-6, Assessment Details എന്നിവ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഈ കെട്ടിടത്തിന് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി പിണ്ടിമന ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| കെട്ടിട നം | തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് (LC ഉൾപ്പെടാതെ) | നികുതി പ്രാബല്യത്തിൽ വന്ന വർഷം |
|---|---|---|---|---|---|
| 10/237/A | 106.68 | 5334 - 533.4 (മേൽക്കൂര 10% ഇളവ്) = 4801 | 6400.8 - 640.08 (മേൽക്കൂര 10% ഇളവ്) = 5761 | 960 | 2013 ഒന്നാം അർദ്ധവർഷം മുതൽ |

കെട്ടിടത്തിന് തിരുത്തൽ വരുത്തിയ വിവരങ്ങളും വസ്തുനികുതി ഫയലും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (10/20-10-2022) നൽകിയെങ്കിലും മറുപടിയും വസ്തുനികുതി നിർണ്ണയ ഫയലും ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

പിണ്ടിമന ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) സ്ഥാപനതൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നതായോ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കോട്ടപ്പടി ഈസ്റ്റ് സർവീസ് സഹകരണ ബാങ്ക് | I, II |
| 2 | പിണ്ടിമന സർവീസ് സഹകരണ ബാങ്ക് | I, II |
| 3 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - ഇ -15 | I, II |
| 4 | പാർക്ക് വ്യൂ റെസ്റ്റോറന്റ് | I, II |

2) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | | 9/95/H | സ്പെഷ്യലിസ്റ്റ് ലബോറട്ടറീസ് (കളക്ഷൻ സെന്റർ) | മറ്റ് ജീവനക്കാർ = 1 |
| 2 | | 2/278/B,C,D,E,& 279/A | കാർമ്മൽ ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഭൂതത്താൻകെട്ട് | ഡോക്ടർ = 1<br>തെറാപ്പിസ്റ്റ് - 2<br>നഴ്സ് - 1<br>ഫാർമസിസ്റ്റ് - 1 |

3) F.T.E.O.S. ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷാ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | കെ ടി ഡി സി ബിയർ പാർലർ & റെസ്റ്റോറന്റ് | 73 | 2/265/A |
| 2 | പെരിയാർ റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് | 27 | 2/206/C, 2/206/D |
| 3 | വേട്ടാമ്പാറ നോബൽ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് മെറ്റൽ ക്രഷർ | 22 | 1/474/A |
| 4 | ഹെപ്പ ക്വാറി | 30 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | പൂഞ്ഞുരത്തേൽ മാലിപ്പാറ അന്നമ്മ ആന്റണി യുടെ കരിങ്കൽ ക്വാറി | 29 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | പെരിയാർ അസാസിയേറ്റ്സ് മെറ്റൽ ക്രഷർ | 48 | 13/406 |
| 6 | ഡോളർ ബേർഡ് റസ്റ്റോറന്റ് | 139 | 2/203/C |

4)2021-22 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.
5) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, റിസോർട്ടുകൾ മുതലായവയിലെ ജീവനക്കാരിൽ നിന്നും നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

6) സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മേൽ ചേർത്ത അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ - 7/19-10-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപന തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് നികുതിയും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-15 പൌൾട്രി ഫാം അനധികൃതമായി പ്രവർത്തിക്കുന്നു

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3(4) പ്രകാരം ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിന് നാല് കിലോമീറ്റർ ചുറ്റളവിനുള്ളിൽ യാതൊരാളും ഒരു പൌൾട്രി ഫാം നടത്തുകയോ പൌൾട്രിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുവാൻ പാടുള്ളതല്ല. പിണ്ടിമന ഗ്രാമപഞ്ചായത്തിൽ രാജൻ ടി പോൾ, വൽസ രാജൻ, പൊയ്ക്കാട്ടിൽ പിണ്ടിമന എന്നിവർ 2/316/B, 2/316/C, 2/316/G, 2/316/F നമ്പർ കെട്ടിടങ്ങളിൽ നടത്തുന്ന കോഴി ഫാം തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ 4 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ആയതിനാൽ ടിയാൾക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച ലൈസൻസ് റദ്ദാക്കുകയും

ആയത് ബഹു ഹൈക്കോടതി WP (C) 16497 OF 2014 (J) നമ്പർ വിധിയിൽ ശരി വച്ചിട്ടുള്ളതാണെന്നും ടിയാൾ വീണ്ടും പൌൾട്രി ഫാം അനധികൃതമായി നടത്തുന്നതിനെ തുടർന്ന് ബഹു കോതമംഗലം മുൻസിഫ് കോടതിയിൽ ഇ.പി6/2021 നമ്പർ കേസ് വന്നിട്ടുണ്ടെന്നും അനധികൃത പൌൾട്രി ഫാം നിർത്തലാക്കുന്നതിന് പഞ്ചായത്ത് നിയമാനുസൃത നോട്ടീസ് നൽകിയിട്ടും ടിയാൾ ആയത് പാലിക്കാത്തതിനാൽ വിഷയത്തിൽ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുവെന്നും കെട്ടിടങ്ങളുടെ വിനിയോഗം മാറ്റം വരുത്തി നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുന്ന പക്ഷം അപേക്ഷകന് ലൈസൻസ് അനുവദിക്കാവുന്നതാണെന്നും 25-1-2022 ലെ പഞ്ചായത്ത് കമ്മിറ്റി 10-ാം നമ്പർ അജണ്ട 1-ാം നമ്പർ തീരുമാനമെടുത്തതായി പഞ്ചായത്ത് കമ്മിറ്റി മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഈ കെട്ടിടങ്ങളിൽ പൌൾട്രി ഫാം പ്രവർത്തിക്കുന്നുണ്ടോ എന്നും നിലവിലെ ഉപയോഗം എന്തെന്നത് സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ - 2/15-10-2022) 2015-16 ന് ശേഷം ടി ഫാമിന് ലൈസൻസ് നൽകിയിട്ടില്ല എന്നും തുടർന്ന് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിരവധി തവണ ശ്രീ രാജൻ ഫാം തുറന്ന് പ്രവർത്തിക്കുകയും നിരന്തരം പഞ്ചായത്തിൽ നിന്നും പോയി കോഴികളെ നീക്കം ചെയ്യുന്നത് പ്രാവർത്തികമല്ലായെന്നും ഫാമിന് എതിരെയുള്ള പരാതിയിൽ പ്രവർത്തനം നിർത്തി വെക്കുന്നതിന് 15-6-2022 ലും ഉടമകൾക്ക് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിരുന്നെന്നും മറുപടി ലഭ്യമാക്കി. വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-16 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റ ബേസ് തയ്യാറാക്കാനും സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമാക്കി സൂക്ഷിക്കാനും നിർദ്ദേശമുണ്ട്. 17.08.16ലെ 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കുവാനും നിർദ്ദേശമുണ്ട്. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-17 ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റിയ നടപടി സർക്കാർ ഉത്തരവിനു വിരുദ്ധം

2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ജീവനക്കാർ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയിട്ടുണ്ട്. ഉത്തരവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.04.2020 മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

1) 17.07.2020-ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2) മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

3) എന്നാൽ, ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതല്6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

4) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെയ്ക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെയും സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 10 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജ്ജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റ പേര് | തസ്തിക | കൈപ്പറ്റിയതുക | വൗച്ചർനം&തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കെ.യു.ജയകുമാർ | അസി.സെക്രട്ടറി | 62715/- | 22100158 /8.6.21 |
| 2 | പി.എ.മത്തായി | അക്കൗണ്ടന്റ് | 62715/- | -- |
| 3 | ബിജു. ബി. | ഹെഡ്ക്ളാർക്ക് | 57054/- | -- |
| 4 | ലത എൻ. | സീനി.ക്ളാർക്ക് | 49395/- | -- |
| 5 | ജയനാഥൻ കെ.എൻ | ക്ളാർക്ക് | 48174/- | -- |
| 6 | ഫെമിനാ മോൾ റ്റി.എച്ച്. | ക്ളാർക്ക് | 34521/- | -- |
| | | ആകെ | 314574/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി 314574/--രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22-ലെ ആർജ്ജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുക 314574/- രൂപ തടസ്സപ്പെടുത്തുന്നു.

1-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 51/22 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |
| അടങ്കൽ | 150000/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 150000/- |
| യു ടി ആർ നമ്പർ/ തീയതി | RBI0342288952754 / 2-2-2022 |

പിണ്ടിമന ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി The Kerala State Homeopathic Coperative Pharmacy LTD-HOMCO ക്ക് യു.ടി.ആർ നമ്പർ RBI0342288952754/ 2-2-2022 പ്രകാരം 150000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 73986 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് (നമ്പർ - LF-128/29-6-2022) മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. അവശേഷിക്കുന്ന 76014 രൂപക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-8/19-102022) 73986 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂവെന്ന് മറുപടി ലഭിച്ചു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ ഉള്ള നടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാക്കുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്നതുവരെ 76014/-രൂപ തടസ്സപ്പെടുത്തുന്നു.

1-19 ഡെപ്പോസിറ്റ് വർക്ക്-പണി പൂർത്തീകരിച്ചിട്ടില്ല.

I) പ്രോജക്ട് നം. – 125/2022 (നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി)

പിണ്ടിമന ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ട്നമ്പർ 125/22, കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 20,00,000/- എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ പി എച്ച് ഡിവിഷനു രണ്ടു ഗഡുക്കളായിട്ട് അക്കൌണ്ട് നമ്പർ 57021264195(PFMS)ൽ, 15/03/2022ൽ 1474500/-ഉം 06/04/2022 ൽ 525500/- രൂപയും ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല. ടി പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

II) പ്രോജക്ട് നം. – 151/2022

ഓഡിറ്റ് വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ (S151/22) എന്ന പ്രൊജക്ടിന് വേണ്ടി ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.
തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ S151/22 | 22100595 27/03/2022 | 77133 | 0 | 77133 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ S151/22 | 22100594 27/03/2022 | 8867 | 0 | 8867 |
| | ആകെ | | 86000 | 0 | 86000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ S125/22 | 22100512 31/03/2022 | 525500 | 0 | 525500 |
| | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ S125/22 | 22100467 15/03/2022 | 1474500 | 0 | 1474500 |
| | ആകെ | | 2000000 | 0 | 2000000 |

ആകെ മേൽപ്പറഞ്ഞ പ്രകാരം KWA, KSEB എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 20,86,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 ചാത്തൻ ചിറ നവീകരണം - പദ്ധതി പൂർത്തീകരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്, നമ്പർ | ചാത്തൻ ചിറ നവീകരണം , S131/2021-22 |
| അടങ്കൽ | 10.92,900/- |
| കരാർ തുക | 8,96,398/- |
| കരാറുകാരൻ | ശ്രീ. ബേസിൽ ബെൻ ജോർജ്ജ് |
| എഗ്രിമെന്റ് നമ്പർ , തീയതി | 21/AE/LSGD/PDMN/2021-22 06/11/2021 |

2021-2022 വർഷം വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 26/10/2021-ൽ ടെൻഡർ ചെയ്ത "ചാത്തൻ ചിറ നവീകരണം" എന്ന പ്രൊജക്റ്റിന് രണ്ട് കരാറുകാർ ഇ- ടെൻഡർ സമർപ്പിക്കുകയും 8.14% Average Below നിരക്കിൽ 8,96,398/- രൂപ ടെൻഡർ ചെയ്ത ശ്രീ. ബേസിൽ ബെൻ ജോർജ്ജ് എന്നയാൾക്ക് 29/10/2021 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കരാർ ഉറപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. 02/11/2021 ൽ ശ്രീ. ബേസിൽ ബെൻ ജോർജ്ജ് പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 4 മാസമായിരുന്നു കരാർ കാലാവധി.

ഈ പ്രവൃത്തിയിൽ ചിറയുടെ ഒരു സൈഡ് കരിങ്കല്ല് പാകി നടപ്പാത നിർമ്മിക്കാനും ചിറയുടെ ചുറ്റും ഹാൻഡ് റെയിൽ സ്ഥാപിക്കാനും, ചിറയുടെ കുറച്ചു ഭാഗം കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്താൻ ഉതകുംവിധം സ്വിമ്മിംഗ് പൂൾ നിർമ്മിക്കാനുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. പ്രവൃത്തിയുടെ ഭാഗമായി ചിറയിലെ വെള്ളം വറ്റിച്ച് തുടങ്ങിയപ്പോൾ ധാരാളമായി ചെളി കാണപ്പെട്ടതുകൊണ്ട് ചെളി മുഴുവൻ നീക്കം ചെയ്യാതെ പ്രവൃത്തി മുന്നോട്ട് കൊണ്ട് പോകാനാവില്ല എന്ന് പ്രദേശവാസികൾ തടസ്സം ഉന്നയിച്ചതിനാൽ കരാറുകാരൻ പണി നിർത്തിവെച്ചതായി 10/02/2022 ൽ പഞ്ചായത്തിന് രേഖാമൂലം കത്ത് നല്കി.

ചിറയുടെ മുഴുവൻ ഭാഗത്തെയും ചെളി നീക്കം ചെയ്യാനുള്ള തുക കരാർ പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കാത്തതുകൊണ്ട് അസിസ്റ്റന്റ് എൻജിനീയറുടെ നിർദ്ദേശാനുസരണം താൽക്കാലികമായി പണി നിർത്തിവെച്ചു.

തുടർന്ന് 11/02/2022 ലെ 1(2) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിറയിലെ ചെളിയും മണ്ണും മുഴുവനായി നീക്കം ചെയ്യാതെയുള്ള നവീകരണപ്രവൃത്തികൾ ഒട്ടും തന്നെ പ്രയോജനപ്രദമാകില്ല എന്ന് വിലയിരുത്തി ചിറയിലെ മണ്ണും, ചെളിയും കോരിമാറ്റി വൃത്തിയാക്കുന്നതിനും, കോരിമാറ്റുന്ന മണ്ണിന്റെ വിലസഹിതം ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഓഡിറ്റ് വേളയിൽ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്

(എൻക്വയറി നം. 11/21-22 തീ.21/10/22) നല്കിയിരുന്നു. ഈ എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നല്കിയിട്ടില്ല. എന്നാൽ എൻക്വയറി നം 09/21-22 തീ.19/10/22 ന് നല്കിയ മറുപടിയിൽ ചാത്തൻ ചിറയിലെ മണ്ണ് നീക്കം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷാജഹാൻ ആട്ടായം കോട്ടപ്പടി എന്നയാൾ ഘനമീറ്ററിന് 230.14രൂപ പ്രകാരം ലേലം കൊള്ളുകയും, ഇനിഷ്യൽ ലെവൽസിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ 3000 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനായി 09/03/2022-ാം തീയതി ലേലത്തുകയായ 6,90,420/- രൂപയും, ജി.എസ്.ടി.തുകയായ 1,24,276/-രൂപയും പഞ്ചായത്തിൽ അടച്ചിട്ടുള്ളതാണ്. കരാർ പ്രകാരം 15 ദിവസത്തിനകം മണ്ണ് ചിറയിൽ നിന്ന് നീക്കം ചെയ്യണമെന്നായിരുന്നു വ്യവസ്ഥയെങ്കിലും, മണ്ണ് നീക്കം ചെയ്യാൻ കരാറുകാരൻഎത്തിച്ചേർന്ന അവസരങ്ങളിലെല്ലാം പ്രതികൂലകാലാവസ്ഥ മൂലം മണ്ണ് നീക്കം ചെയ്യാൻ സാധിച്ചിരുന്നില്ല. മേൽസാഹചര്യത്തിൽ താഴെപ്പറയുന്ന വസ്തുതകൾ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

1) ചിറയിലെ മണ്ണ് കോരി മാറ്റിയെങ്കിൽ മാത്രമേ ചിറയുടെ നവീകരണം നടക്കൂ എന്നിരിക്കേ അടിയന്തിരമായി ടി പ്രവൃത്തി ചെയ്യിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇനിഷ്യൽ ലെവൽസ് എടുത്തത് പ്രകാരമാണ് 3000 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുവാൻ ക്വട്ടേഷൻ ക്ഷണിച്ചത്. ആദ്യഘട്ട മണ്ണ് നീക്കം ചെയ്തശേഷം ഫൈനൽ ലെവൽസ് എടുത്ത് എത്ര ഘനമീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടിവരുമെന്ന് കണക്കാക്കേണ്ടതുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കേണ്ടതാണ്.

2) ചിറ നവീകരണം എന്ന പ്രവൃത്തിക്ക് വേണ്ടി കരാർ ഏറ്റെടുത്ത ശ്രീ. ബേസിൽ ബെൻ ജോർജ്ജ് പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 4 മാസമായിരുന്നു കരാർ കാലാവധി. നിലവിൽ കരാർ കാലാവധി കഴിഞ്ഞുവെങ്കിലും ടി കാലാവധി പുതുക്കി നല്കിയിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നീണ്ടുപോകുന്ന സാഹചര്യത്തിൽ എത്രയും അടിയന്തിരമായി മണ്ണിന്റെ കൃത്യമായ കണക്കെടുത്ത് ചിറയിൽ നിന്ന് മണ്ണ് നീക്കി നവീകരണപ്രവൃത്തികൾ ആരംഭിക്കാൻ സാഹചര്യം ഒരുക്കേണ്ടതാണ്.

3) പ്രൊജക്ട് നമ്പർ S044/23 സ്പിൽ ഓവർ പ്രൊജക്ട് ആയി 2022-23 സാമ്പത്തികവർഷത്തിൽ ടി പ്രൊജക്ടിന് അംഗീകാരം വാങ്ങിയിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം ഈ പ്രൊജക്ടിന്റെ സാമ്പത്തിക വിശകലനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,00,000/- രൂപയും, ധനകാര്യക്കമ്മീഷൻ വിഹിതമായി 5,03,966/- രൂപയും ഉൾപ്പെടെ 10,03,966/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 2022-2023 സാമ്പത്തികവർഷം അംഗീകാരം വാങ്ങിയ പ്രൊജക്ടിന്റെ സാമ്പത്തികവിശകലനത്തിൽ 10,03,966/- രൂപ ധനകാര്യക്കമ്മീഷൻ (Tied) ഫണ്ട് വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്. ധനകാര്യക്കമ്മീഷൻ (Tied) ഫണ്ട് തുക ശുചിത്വം, കുടിവെള്ള പ്രൊജക്ടുകൾക്കുവേണ്ടിയാണ് വിനിയോഗിക്കേണ്ടത് എന്ന് വ്യവസ്ഥയുള്ളപ്പോൾ ചിറനവീകരണം പോലെയുള്ള പശ്ചാത്തലമേഖല പ്രൊജക്ടുകൾക്ക് ഉപയോഗിക്കുന്ന കാര്യത്തിൽ സർക്കാരിൽ നിന്ന് അനുവാദം വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽസാഹചര്യത്തിൽ ചാത്തൻചിറയിലെ മണ്ണ് നീക്കം ചെയ്ത് ചിറയിൽ വിഭാവനം ചെയ്ത നവീകരണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ പഞ്ചായത്ത് ഭരണസമിതി അടിയന്തിരപ്രാധാന്യം നൽകേണ്ടതാണ്.

## 1-21 ഏരാനിമറ്റം ചിറ – പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | ഏരാനിമറ്റം ചിറ , S218/20-21 |
| അടങ്കൽ | 3,40,545/- |
| കരാർ തുക | 3,40.531/- |
| കരാറുകാരൻ | ശ്രീ.എൻ.ബി. അലിയാർ |
| എഗ്രിമെന്റ് നമ്പർ, തീയതി | 60/AE/LSGD/PDMN/20-21 05/02/2021 |
| അളവ് പുസ്തക നമ്പർ | 228/ 21-22 |
| ഫൈനൽ ബിൽ തുക | 3,17,918/- ( ട്രഷറി ബിൽ നമ്പർ . 260/ 26-02-2022) |

2021-2022 വർഷം വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 28/10/2020-ൽ ടെൻഡർ ചെയ്ത "ഏരാനിമറ്റം ചിറ നവീകരണം" എന്ന പ്രൊജക്ടിന് രണ്ട് കരാറുകാർ ടെൻഡർ സമർപ്പിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ ടെൻഡർ ചെയ്ത ശ്രീ.എൻ.ബി.അലിയാർ എന്നയാൾക്ക് 05/02/2021 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കരാർ ഉറപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. 05/02/2021 ൽ ശ്രീ. എൻ.ബി. അലിയാർ പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 6 മാസമായിരുന്നു കരാർ കാലാവധി. 04/08/2021 ൽ SPL 60(1)/ AE/LSGD/PDMN/20-21 നമ്പരായി കരാർ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ ചിറയുടെ സൈഡിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റി മാത്രമേ പണി പൂർത്തീകരിക്കാനാവൂ എന്ന് കരാറുകാരൻ 04/12/2021 ൽ രേഖാമൂലം കത്ത് നല്കി. പ്രവൃത്തിയുടെ

ഭാഗമായി ചിറയിലെ വെള്ളം വറ്റിച്ച് ചിറയുടെ നീളവും. വീതിയും കൂട്ടി ആകെ 1143.590 $M^2$ ഏരിയയിലെ 973.25 $M^3$ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. അതേസമയം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള 57.50 $M^3$ DR Packing എന്ന പ്രവൃത്തി ചെയ്തിട്ടില്ല. പകരം 16.02.2021 ൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ മണ്ണ് കോരി മാറ്റി ചിറയ്ക്ക് ആഴവും, വീതിയും കൂട്ടുകയാണുണ്ടായത്.

ഓഡിറ്റ് വേളയിൽ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (ഓഡിറ്റ് എൻക്വയറി നം. 12/21-22 തീ. 21/10/22) നല്കിയിരുന്നു. എന്നാൽ പഞ്ചായത്ത് മറുപടി നല്കിയിട്ടില്ല.

1) ഏരാനിമറ്റം ചിറയിൽ നിന്ന് കോരിമാറ്റിയ മണ്ണ് ചിറയുടെ തൊട്ടടുത്ത് തന്നെ കൂട്ടിയിട്ടിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. 03/2022-ൽ ഫൈനൽ ബിൽ തുക നല്കിയ ഈ പ്രവൃത്തിയിൽ മണ്ണ് കോരി ഇട്ടിരിക്കുന്നത് അളവുപുസ്തകപ്രകാരം 11/02/2022 ലാണ്. അന്നുമുതൽ ഈ മണ്ണ് ഇനി പുനരുപയോഗിക്കാൻ സാധ്യമല്ലാത്ത വിധം കൂട്ടിയിട്ടിരിക്കുകയാണ്. ഈ മണ്ണ് കാലപ്പഴക്കം വരുന്തോറും ഉപയോഗശൂന്യമായിത്തീരും എന്നതിനാൽ അടിയന്തിരമായി ടി പ്രവൃത്തി ചെയ്യിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം കോരിമാറ്റിയ മണ്ണ് ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

2) ചിറ നവീകരണം എന്ന പ്രവൃത്തിക്ക് വേണ്ടി കരാർ ഏറ്റെടുത്ത ശ്രീ. എൻ.ബി. അലിയാർ പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 6 മാസമായിരുന്നു കരാർ കാലാവധി. നിലവിൽ കരാർ കാലാവധി കഴിഞ്ഞതിനാൽ ടി കാലാവധി പുതുക്കി നല്കിയതിന് ശേഷവും എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രവൃത്തിയും ചെയ്യാതെ ഫൈനൽ ബിൽ കൊടുത്തതിന്റെ കാരണം വ്യക്തമല്ല. കൂടാതെ കരാറുകാരൻ 04/12/2021 ൽ ചിറയുടെ സമീപത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റിത്തരണമെന്ന് ആവശ്യപ്പെട്ട് നല്കിയ കത്തിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ഈ പരാതിയിൽ തീരുമാനം എടുക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ അലംഭാവം പ്രൊജക്ടിൽ വിഭാവനം ചെയ്ത മുഴുവൻ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് തടസ്സമായതായി നിരീക്ഷിക്കുന്നു.

3) സ്ഥലപരിശോധനയിൽ ചിറ സ്ഥിതിചെയ്യുന്ന പ്രദേശത്ത് യാതൊരു നവീകരണപ്രവർത്തനങ്ങളും തുടർന്ന് നടന്നിട്ടില്ല എന്നാണ് കാണുന്നത്. ബാക്കി പ്രവൃത്തികൾ ചെയ്യാനായി ഈ സാമ്പത്തികവർഷം പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളതായും കാണുന്നില്ല. ആഴം കൂട്ടിയ ചിറയ്ക്ക് സംരക്ഷണഭിത്തി കെട്ടി പരിപാലിച്ചില്ലെങ്കിൽ ടി പ്രവൃത്തികൊണ്ട് ഉദ്ദേശിച്ചിരുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കില്ല.

4) ചിറയും, ചിറ സ്ഥിതിചെയ്യുന്ന പ്രദേശവും അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. കാലക്രമേണ ചിറയും, ചിറയുടെ ചുറ്റുമുള്ള സ്ഥലവും അനധികൃതകയ്യേറ്റത്തിന് വിധേയമാകാതിരിക്കാൻ ടി പ്രദേശം അളന്ന് തിട്ടപ്പെടുത്തി അതിരുകൾ അടയാളപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

.

1-22 ഉള്ളോർപ്പോട്ട ചിറ സംരക്ഷണം-ആസ്തിയുടെ സംരക്ഷണം ഉറപ്പാക്കണം

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | ഉള്ളോർപ്പോട്ട ചിറ സംരക്ഷണം, S213/20-21, S119/22 |
| അടങ്കൽ | 19,40,000/- |
| കരാർ തുക | 14,84,673/- |
| കരാറുകാരൻ | ശ്രീ.ബിജു കെ.വർഗ്ഗീസ് |
| എഗ്രിമെന്റ് നമ്പർ, തീയതി | 59/AE/LSGD/PDMN/20-21 05/02/2021 |
| അളവ് പുസ്തക നമ്പർ | 296/ 20-21 |
| ഫൈനൽ ബിൽ തുക | 1) 4,80,635/- ( ട്രഷറി ബിൽ നമ്പർ. 334/ 29-03-2021)<br>2) 7,22,521/- ( ട്രഷറി ബിൽ നമ്പർ. 271/ 09-03-2022) |

.

2020-2021 വർഷം അംഗീകാരം കിട്ടി 28/10/2020-ൽ ടെൻഡർ ചെയ്ത "ഉള്ളോർപ്പോട്ട ചിറ സംരക്ഷണം" എന്ന പ്രൊജക്ടിന് മൂന്ന് കരാറുകാർ ടെൻഡർ സമർപ്പിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ ടെൻഡർ ചെയ്ത ശ്രീ.ബിജു കെ.വർഗ്ഗീസ് എന്നയാൾക്ക് 05/02/2021 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കരാർ ഉറപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. 05/02/2021 ൽ ശ്രീ.ബിജു കെ.വർഗ്ഗീസ് പഞ്ചായത്തുമായി ഒപ്പുവെച്ച കരാർ പ്രകാരം 6 മാസമായിരുന്നു കരാർ കാലാവധി.

ആദ്യ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രവൃത്തിയിൽ സൈറ്റ് കണ്ടീഷനനുസരിച്ച് മാറ്റം വരുത്തേണ്ടി വന്നു. ഈ സാഹചര്യത്തിൽ 16/02/2021ലെ 1(7) നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നല്കി 03/2022 ൽ പണി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നല്കിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ചിറയുടെ പാർശ്വഭിത്തിക്ക് ഉയരം കൂട്ടി ബലപ്പെടുത്തുകയും, വർഷകാലത്ത് ചിറ കവിഞ്ഞൊഴുകുമ്പോൾ ഓവർഫ്ളോ ചെയ്യുന്ന വെള്ളം ഒഴുക്കിക്കളയാൻ ചപ്പാത്ത് നിർമ്മിക്കുകയുമാണ് ചെയ്തത്.

ഓഡിറ്റ് വേളയിൽ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയ്ക്ക് ശുപാർശ ചെയ്യുന്നു.

1) ചിറയിൽ സംഭരിക്കുന്ന വെള്ളം കുടിവെള്ളവിതരണത്തിനോ, കൃഷി ആവശ്യാർത്ഥമുള്ള ജലസേചനത്തിനോ ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ് ചെയ്യുന്നത്. വർഷകാലത്ത് ചിറ നിറഞ്ഞ് വെള്ളം ഓവർ ഫ്ലോ ചെയ്ത് തൊട്ടടുത്ത റോഡിലേക്കും പറമ്പിലേക്കും ഒഴുകിപോകുകയും ചെയ്യുന്നു. ഈ ചിറയിലെ വെള്ളം കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്കോ, കൃഷിസ്ഥലങ്ങളിലേക്കോ ആവശ്യാനുസരണം നല്കാവുന്ന വിധം കുടിവെള്ള/ ജലസേചന പ്രൊജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

2) സ്ഥലപരിശോധനയിൽ ചിറ സ്ഥിതിചെയ്യുന്ന പ്രദേശത്തിന് ചുറ്റും സ്വകാര്യവ്യക്തി കമ്പിവേലി കെട്ടിത്തിരിച്ചതായി കാണുന്നു. കാലക്രമേണ ചിറയും, ചിറയുടെ ചുറ്റുമുള്ള സ്ഥലവും അനധികൃത കയ്യേറ്റത്തിന് വിധേയമാകാതിരിക്കാൻ ടി പ്രദേശം അളന്ന് തിട്ടപ്പെടുത്തി അതിരുകൾ അടയാളപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

3) ചിറയും, ചിറ സ്ഥിതിചെയ്യുന്ന പ്രദേശവും അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-23 അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതും, അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.

2016-17 സാമ്പത്തികവർഷം മുതൽ 2021-22 വരെ ഗ്രാമപഞ്ചായത്തിന്റെ വിവിധ ആസ്തികളുടെ മെയിന്റനൻസിനായി വികസനഫണ്ടിൽ നിന്നും, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം. 50412/ഡിബി2/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും, ആയതിന്റെ ഇ-കോപ്പി ഐ.കെ.എമ്മിന് നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്തിൽ 2021-2022 വരെ നിർമ്മിക്കപ്പെട്ട പുതിയ നിർമ്മിതികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കേണ്ടതാണ്.

ജി.ഒ (ആർ.ടി.) 166/ 2017/എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസ്സറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

2021-2022 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | 2021-22 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | ക്ഷീരകർഷകർക്ക് സബ്സിഡി Project No.42/22 | 400000 | 0 |
| | 2021-22 | 441790 | ലൈഫ് ഭവന പദ്ധതി--SC Project No.30/22 | 441790 | |
| | 2021-22 | 380000 | ലൈഫ് ഭവന പദ്ധതി-ജനറൽ Project No.25/22 | 380000 | |
| | 2021-22 | 250000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം Project No.58/22 | 250000 | |
| | ആകെ | 14,71,790 | | 14,71,790 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 760000 | ലൈഫ് ഭവന പദ്ധതി--SC Project No.30/22 | 760000 | 0 |
| | 2021-22 | 140000 | ലൈഫ് ഭവന പദ്ധതി-ജനറൽ Project No.25/22 | 140000 | |
| | 2021-22 | 32793 | ലൈഫ് ഭവന പദ്ധതി-ജനറൽ Project No.116/22 | 32793 | |
| | 2021-22 | 139850 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം Project No.58/22 | 139850 | |
| | 2021-22 | 123750 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം Project No.135/22 | 123750 | |
| | 2021-22 | 275000 | ക്ഷീരകകർഷകർക്ക് സബ്സിഡി Project No.42/22 | 275000 | |
| | 2021-22 | 74500 | നെൽക്കൃഷി വികസനം Project No.42/22 | 74500 | |
| ആകെ | | 15,45,893 | | 15,45,893 | |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്കുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2021ൽ മുന്നിരിപ്പായുണ്ടായിരുന്നു. തൻവർഷം അക്കൌണ്ടിൽ9,44,710/- രൂപ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2022ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻവർഷ ങ്ങളിലെ മുന്നിരുപ്പ് | 2021-2022 വരവ് | | | ആകെ വരവ് ( OB+ RTS) | ചെലവ് | | | ആകെ ചെലവ് | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | RP-31 | RP-7 | ആകെ വരവ് | | TSB A/C ൽ നിന്ന് ചെലവ ഴിച്ചത് | നേരിട്ട് ചെലവ ഴിച്ചത് RP-7 | ആകെ ചെലവ് | | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴി ച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് (Capital) 320 700 104 | 8132 | 0 | 0 | 0 | 8132 | 0 | 0 | 0 | 0 | 8132 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (Revenue) 320 700 404 | 350 | 0 | 0 | 0 | 350 | 0 | 0 | 0 | 0 | 350 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (Revenue) 320 700 204 | 0 | 944710 | | 944710 | 944710 | 944710 | 0 | 944710 | 944710 | 0 | 0 |
| ജില്ലാ പഞ്ചായത്ത് (Revenuel) 320 700 205 | 2265 | 0 | 0 | 0 | 2265 | 0 | 0 | 0 | 0 | 2265 | 0 |
| ജില്ലാ പഞ്ചായത്ത്- (Revenuel) | 749705 | 22549 | 0 | 22549 | 772254 | 0 | 0 | 0 | 0 | 772254 | 0 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 320 700 405<br>എം.എൻ ഹൌസിംഗ് സ്കീം | | | | | | | | | | | |

എം.എൻ ഹൌസിംഗ് സ്കീമിനായി മുൻവർഷങ്ങളിൽ ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം നാളിതു വരെ ചെലവഴിക്കപ്പെടാതെ ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നീക്കിയിരുപ്പായി കാണുന്നു.

## 4-3 നിക്ഷേപപ്രവർത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ S151/22 | 22100595 | 77133 | 0 | 77133 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ S151/22 | 22100594 | 8867 | 0 | 8867 |
| | ആകെ | | 86000 | 0 | 86000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ S125/22 | 22100512 | 525500 | 0 | 525500 |
| | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ S125/22 | 22100467 | 1474500 | 0 | 1474500 |
| | ആകെ | | 2000000 | 0 | 2000000 |

31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം കെ.എസ്.ഇ.ബി.യിലും കെ.ഡബ്ല്യു.എ- യിലും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക മുൻവർഷങ്ങളിൽ ടി സ്ഥാപനങ്ങളിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക ഉൾപ്പെടെയാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2021-2022 സാമ്പത്തികവർഷം വായ്പയിനത്തിൽ 5,30,000/- വരവുണ്ട്. മുൻബാക്കി 2,25,12,995/- രൂപയടക്കം 2,30,42,995/- രൂപയിൽ 2,30,42,995/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD 18.05.2018 | 2,51,72,200 | 2,25,12,995 | 33,00,001 | - | 1,97,42,994 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷത്തിൽ വരവില്ല.

4-8 സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-9 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,29,99,802 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,53,99,092 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,90,588 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 3,14,574 | ശ്രീ. മനോജ് കെ.<br>സെക്രട്ടറി<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് |
| 1-18 | 76,014 | ഡോ.നിർമ്മല പ്രതാപ്<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) |
| 1-19 | 20,00,000 | ശ്രീ. മനോജ് കെ.<br>സെക്രട്ടറി<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് |
| ആകെ | 23,90,588 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.നിർമ്മല പ്രതാപ്<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ)<br>കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | നടുവേലിപ്പറമ്പ്,<br>ധന്യ ജംഗ്ഷൻ,<br>വെണ്ണല പി.ഒ.<br>കൊച്ചി. |
| 2 | ശ്രീ. മനോജ് കെ.<br>സെക്രട്ടറി<br>പിണ്ടിമന<br>ഗ്രാമപഞ്ചായത്ത് | സെക്രട്ടറി<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്,<br>എം.എൽ.എ.റോഡ്,<br>പുതിയകാവ്,<br>തൃപ്പൂണിത്തുറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 |
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 |
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 |
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 |
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2105/17 തീയതി 10.11.17/16.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2342/18 തീയതി 07.01.19/01.03.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി.7)127/2020 തീയതി 04.03.2020/09.03.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി.7)1558/2021 തീയതി 13.06.2022 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി.7)1559/2021 തീയതി 13.06.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്